പതിമൂന്നാം കേരള നിയമസഭ

4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 19 — 06-03-2012-ന് മറുപടി നൽകേണ്ടത്.

## ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി നൽകിയ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ). ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി സർക്കാർ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ വഴിയുള്ള പരിശോധനകൾക്ക് ശേഷമാണോ വിതരണം ചെയ്യുന്നത് ; | (എ). വകുപ്പുകളുടെ പരിശോധന ആവശ്യമുള്ള കേസുകളിൽ പരിശോധനകൾക്കു ശേഷമാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് |
| ബി). എങ്കിൽ നേരിട്ട് തീരുമാനം എടുത്ത് ആനുകൂല്യങ്ങൾ നൽകിയ കേസുകളിൽ പരിശോധനകൾ നടത്തിയത് എപ്രകാരമാണെന്ന് വെളിപ്പെടുത്താമോ ; | (ബി).ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കുകയും അവിടെവച്ചുതന്നെ തീർപ്പാക്കാൻ പറ്റിയ കാര്യങ്ങളിൽ തീരുമാനമെടുത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന രീതിയാണ് അവലംബിച്ചിരുന്നത്. |
| സി). ജനസമ്പർക്ക പരിപാടി തീരുമാനിച്ചതിനു ശേഷം, സർക്കാരിന്റേയും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടേയും കീഴിൽ നൽകി കൊണ്ടിരുന്ന ആനുകൂല്യങ്ങൾ യഥാ സമയം നൽകി വരുന്നുണ്ടോ ? | (സി).ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ